
SMSNHS VAIKOM
നിറവ്
LITTLE KITES 2019-2020

# ആമുഖം

കൂട്ടുകാരെ,

നമ്മുടെ പൊതുവിദ്യാഭ്യാസ രംഗം ഇന്ന് മുന്നേറ്റത്തിൻെറ പാതയിലാണ്. വിദ്യാഭ്യാസരംഗത്ത് വിവരവിനിമയസാങ്കേതികവിദ്യയുടെ പിൻബലം അദ്ഭുതപൂർവമായ വളർച്ചയാണ് പ്രധാനം ചെയ്യുന്നത്. പുതുതലമുറയ്ക്ക് സാങ്കേതിക വിദ്യയോടുള്ള ആഭിമുഖ്യം ഗുണപരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്താൻ ലിറ്റിൽ കൈറ്റ്സ് എന്നപേരിലുള്ള ഐ ടി കൂട്ടായ്മ ഉപകരിക്കുമെന്നതിൽ സംശയമില്ല.

നമ്മുടെ  ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ മാഗസിൻ നിങ്ങൾക്കായി സമർപ്പിക്കുന്നു.

എച്ച് എസ് സ്റ്റാഫ്



നൂതനശാസ്ത്രസാങ്കേതികവിദ്യകൾ

പരിചയപ്പെടുന്നതിനും, പ്രാവിണ്യം നേടുന്നതിനുമായി

വിദ്യാഭ്യാസവകുപ്പ് ആവിഷ്ക്കരിച്ചിട്ടുള്ള ഐ ടി കൂട്ടായ്മയാണ്

ലിറ്റിൽ കൈറ്റ്സ്. ചരിത്രമുറങ്ങുന്ന ആശ്രമത്തിൻെറ

മണ്ണിൽ നിന്ന് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ

ഈ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

HEADMISTRESS
P R BIJI

# എഡിറ്റോറിയൽ

കുട്ടികളിലെ ബഹുമുഖപ്രതിഭാ വികാസം ലക്ഷ്യം വെച്ച് കൊണ്ട് 39 കുട്ടികളടങ്ങുന്ന ഈ കൂട്ടായ്മ വിവരസാങ്കേതിക വിദ്യാഭ്യാസരംഗത്തെ കുട്ടികളുടെ വിജ്ഞാനം പ്രകടമാക്കുന്ന രീതീയിലുള്ളതാണ്. ഐ ടി കൂട്ടായ്മയിലെ കുട്ടികൾ തയ്യാറാക്കിയ ഈ മാഗസിൻ നിങ്ങളുടെ സമക്ഷം അവതരിപ്പിക്കുന്നു.

സിമി വി എസ്
കൈറ്റ് മാസ്റ്റർ

പ്രീതാമോൾ കെ
കൈറ്റ് മിസ്ട്രസ്

ഷീനാമോൾ കെ പി
എസ് ഐ റ്റി സി

മഞ്ജു കെ പി
ജോ. എസ് ഐ റ്റി സി

# ഉള്ളടക്കം


| | |
|---|---|
| എൻെറമിഴികൾ നിന്നെ തിരയുന്നു | 6 |
| കാറ്റിനെ പ്രണയിച്ചമനസ്സ് | 7 |
| ജീവിതമാകുന്ന തോണിയിലെ വഴിയാത്രകാർ | 8 |
| WAITING FOR YOU | 11 |
| ജലസംരക്ഷണം | 12 |
| നാണിമുത്തശ്ശിയുടെ കുഞ്ഞിപൂച്ച | 14 |
| താരാട്ട് | 20 |
| സ്നേഹം | 22 |
| മഞ്ഞുതുള്ളി | 23 |
| ചതിയൻെറ വിരുന്ന് | 24 |
| FACETS OF FRIENDSHIP | 27 |
| FIRST SHOWERS | 28 |
| നോവ് | 29 |
| സ്നേഹത്തുവൽ | 30 |
| പുതിയകാലം | 31 |
| മൗനം | 32 |
| സൗഹൃദത്തിൻെറ വില | 34 |
| ഓർക്കുന്നു ഞാൻ പഴയകാലം | 39 |
| | |

# എന്റെ മിഴികൾ നിന്നെ തിരയുന്നു

എന്റെ മിഴികൾ എന്തൊ തിരയുന്നു
അറിഞ്ഞിരുന്നില്ല ഞാനാദ്യം എൻ -
മിഴികൾ എന്തിനെയാണ് തിരയുന്നതെന്ന്
അറിയാതെ എന്റെ മിഴികൾ ആരെയോ
തിരഞ്ഞുകൊണ്ടേയിരുന്നു
മനസ്സിലാക്കുന്നു ഞാൻ ഈ നിമിഷം
എന്റെ മിഴികൾ തിരഞ്ഞത് നിന്നെയാണ്
ഞാനറിയാതെൻമിഴികൾ നിന്നെ തിരയുന്നു
എന്റെ ഈ മിഴികൾക്ക് നിയന്ത്രണം
കിട്ടുന്നില്ല എന്നതാണ് യഥാർത്ഥ സത്യം
നീ എവിടെയാണ് എങ്ങാണ് ഇതൊ -
ന്നും തന്നെ അറിയാത്ത നാളുകൾവരെയും
എന്റെ മിഴികൾ നിന്നെ തിരഞ്ഞലഞ്ഞു
കൊണ്ടേയിരിക്കും ആ നിമിഷംവരേക്കും ഈ
മിഴികൾക്ക് വിശ്രമം ഉണ്ടാകുന്നതല്ല
എന്റെ മിഴികൾ നിയന്ത്രണം ഇല്ലാതെ
തിരയുന്നത് നിന്നെ ഒന്ന് കാണാൻ വേണ്ടി മാത്രം
ഈ മിഴികൾക്ക് നിയന്ത്രണം കിട്ടണം
എങ്കിൽ എന്റെ ഈ മിഴികൾക്കു മുൻ-
പിൽ നീ ഉണ്ടായിരിക്കണം എന്നെന്നും .

അപർണ്ണ പ്രകാശ്
IX D

# കാറ്റിനെ പ്രണയിച്ച മനസ്സ്

നിന്നെ ഞാൻ കാണുന്നില്ലല്ലോ
എന്നിട്ടും നീയെന്നെ തഴുകുന്നു,
ഞാൻ നിൻെറ സ്പ്ർശനം അറിയുന്നു
പക്ഷെ, നിന്നെ എനിക്ക് തഴുകാനാവില്ലല്ലോ,
നിൻെറ വരവെൻെറ മനസ്സിനെ കുളിരണിയിപ്പിക്കുന്നു,
ഞാൻ  നിൻെറ സ്പർശനം മാത്രമാണ് അറിയുന്നത്,
നിന്നിലെ കുളിരിനാൽ ഞാൻ മതിമറന്നുപോകുന്നു എല്ലാം,
നിന്നെ ഞാൻ അറിയുന്നത് പോലെ നീയെന്നെ അറിയുന്നു
പെട്ടെന്ന് നീ എങ്ങു പോയി എൻ കൈതണ്ടിൽ  നിന്ന്,
എത്ര വീശിയാലും ഇനിയും ഇനിയും
കുളിർമ്മയോടെ നീ എന്നെ തഴുകാൻ കാത്തിരിക്കുന്നു,
എങ്ങു പോയീ നീ എന്നിൽ നിന്ന്

NAVYA SUBHASH
IX F

# ജീവിതമാകുന്ന തോണിയിലെ വഴിയാത്രക്കാർ

'പ്രണയം' എന്ന മൂന്ന്
വാക്കിനേക്കാൾ എനിക്ക്
ഏറ്റെയിഷ്ടം അച്ഛൻ
എന്ന മൂന്ന് പദമാണ്

“തേപ്പ്” എന്ന രണ്ടക്ഷരത്തേക്കാൾ നല്ലത്
അമ്മയെന്ന രണ്ടക്ഷരമാണ്
ഞാനാകുന്ന ഭൂമിയിൽ
ഞാൻ മാത്രം
അന്നും ഇന്നും എന്നും
തനിച്ചീ ഭൂമിയിൽ

എനിക്ക് താങ്ങും തണലുമായി
എൻ കണ്ണും ഹൃദയവുമാകുന്ന
അമ്മയും അച്ഛനും

ആരൊക്കെ എന്നെ തനിച്ചാക്കി
വേണ്ടെന്ന് വെച്ച് പോയോ
അവരുടെ മുന്നിൽ ജയിച്ച്
കാണിക്കണം എന്ന വാശി
എൻ മനസ്സിൽ നിറച്ചൊരീ
ഞാൻ കൺകണ്ട അജനാണ്
എൻ മാതാവും പിതാവും

നമ്മൾ സ്നേഹിക്കുന്നവരുടെ മനസ്സിൽ
നമുക്ക് സ്ഥാനമില്ലെങ്കിൽ നമ്മൾ
അവർക്ക്  മുന്നിൽ ഒന്നും അല്ല

പക്ഷെ എപ്പോഴും തള്ളിപ്പറയുന്ന
അച്ഛനമ്മമാരുടെ മനസ്സിൽ നമുക്ക്
എന്നും ഒരു സ്ഥാനമുണ്ടായിരിക്കും
അണയാത്ത ദീപം പോലെ

**ആതിര.ആർ.എസ്   IX B**

# *WAITING FOR YOU...*

**Waiting...**
**waiting for you ............**
**I can’t see your face....**
**I can’t hear your voice....**
**I can’t feel your heart beat....**
**I can’t see your sweet smile....**
**But I am still waiting**
**JUST FOR YOU....**

**You are mine....**
**You are my light and shadow....**
**You are my all and everything....**
**You are the reason for my smile....**
**You are the reason for my heart beat....**
**You are the reason for my success....**
**You are the reason why I live....**
**I can’t live**
**WITHOUT YOU....**

**I am waiting for you....**
**I am waiting.....**
**Just for you....**
**Please come....**
**I welcome to our mother earth**
**I am waiting for you.....**

**THE BEAUTIFUL COLD RAIN FROM THE HEAVEN.............**

JIDHU KRISHNA IX F

# ജലസംരക്ഷണം

ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും പേടിപ്പിക്കുന്ന യാഥാർത്ഥ്യങ്ങളായി നമ്മെ തുറിച്ചുനോക്കുന്നു.വറ്റിവരളുന്ന ജലസ്രോതസ്സുകള് നോക്കുകുത്തികളാകുന്നു. നെൽപ്പാടങ്ങളും തണ്ണീർത്തടങ്ങളും മറ്റാവശ്യങ്ങൾക്ക് മാറ്റിമറിച്ച് കേരളം വരൾച്ചയുടെ മറ്റൊരു ദുരന്തമുഹൂർത്തത്തിലേയ്ക്ക് നീങ്ങുകയാണ്. മഴയുടെ ലഭ്യതയിൽസംഭവിച്ച കുറവ് നമ്മെ വല്ലാതെ ആശങ്കാകുലരാക്കുന്നു. ഇതിലേയ്ക്ക് നയിച്ച കാരണങ്ങൾ നിരവധി.ഇനിയുള്ള നാളുകളിൽ ജലസംരക്ഷണത്തിലും ഉപയോഗത്തിലും നാം ഏറെ കരുതൽ പാലിക്കണം.വേനൽക്കാലത്ത് കുടിവെള്ളത്തിനുവേണ്ടി നെട്ടോട്ടമോടുന്നത് കേരളത്തിൽ ഇന്ന് സാധാരണകാഴ്ച്ചയാണ്.

കഴിഞ്ഞ 35 വർഷത്തിനുള്ളിൽ കാലാവസ്ഥാവ്യതിയാനവുമായി ബന്ധപെട്ട പ്രകൃതിദുരന്തങ്ങളുടെ എണ്ണവും വ്യാപ്തിയും ഇരട്ടിയിലധികമായി .90 ശതമാനം പ്രകൃതിദുരന്തങ്ങളും ജലവുമായി ബന്ധപെട്ടവയാണ്.ഭാവിയിൽ കാലാവസ്ഥാവ്യതിയാനം അതിരൂക്ഷമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നാണ് ഇൻററനാഷണൽ പാനൽ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച് പ്രഖ്യാപിച്ചിരിക്കുന്നത്.

ഒരാൾക്ക് ഒരു ദിവസം കുടിക്കാനും കുളിക്കാനുമെല്ലാം കൂടി 135 ലിറ്റർ വെള്ളം മതിയാകുമെന്നാണ് ലോകാരോഗ്യസംഘടനയുടെ കണക്ക്. പക്ഷെ കേരളത്തിൽ 335 ലിറ്റർ വെള്ളമാണ് ഒരാൾ ശരാശരി ഉപയോഗിക്കുന്നത്. ഒരു ചതുരശ്രമീറ്ററിൽ ഒരു മില്ലിമീറ്റർ മഴ പെയ്താൽ 2000ചതുരശ്രയടി വിസ്തീർണ്ണമുള്ള മേൽക്കൂരയിൽ നിന്ന് ഒരു വർഷം 3,00,592 ലിറ്റർ വെള്ളം കിട്ടും. ഒരു വർഷത്തിൽ ഒരു സാധാരണ കുടുംബത്തിന് ആവശ്യമായതിലധികം വെള്ളം പുരപ്പുറത്തുനിന്ന് കിട്ടുമെന്നർത്ഥം.

പാഴായിപ്പോകുന്ന ഈ വെള്ളം കിണറ്റിലേക്കോ, ജലസംഭരണികളിലേക്കോ ശേഖരിച്ചാൽ പിന്നെ വേനൽക്കാലത്തെ എന്തിനു പേടിക്കണം?

നാമോരോരുത്തരും മനസ്സുവെച്ചാൽ പരിഹരിക്കാവുന്ന പ്രശനങ്ങളേയുള്ളു . വെള്ളം കിട്ടാത്തതോ, ഇല്ലാത്തതോ അല്ല, അതു സംരക്ഷിക്കാനും കരുതലോടെ ഉപയോഗിക്കാനും നാം തയ്യാറല്ലെന്നതാണ് പ്രശ്നം.

ജലാശയങ്ങളിലേയ്ക്ക് മാലിന്യം വലിച്ചെറിയുന്ന ശീലം ഉപേക്ഷിക്കണം. മുറ്റം കോൺക്രീറ്റ് ചെയ്തും ഇൻറർലോക്ക് ചെയ്തും വൃത്തിയാക്കുമ്പോൾ വെള്ളം മണ്ണിലെത്താനുള്ള വഴി നാം അടയ്ക്കുകയാണ്. പരമ്പരാഗത കൃഷിരീതികളാണ് വെള്ളം കാക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം തെങ്ങിന് തടമെടുക്കുകയും പറമ്പുകൾ തടം തിരിക്കുകയും ചെയ്താൽതന്നെ വെള്ളം ധാരാളമായി ഭൂമിയിലേക്കിറങ്ങും.

കേരളത്തിൽ 62 ശതമാനം വീട്ടുകാരും കുടിവെള്ളത്തിന് ആശ്രയിക്കുന്നത് കിണറുകളെയാണ്. ടൈലിടുമ്പോൾ മഴവെള്ളം ഉപരിതലത്തിലൂടെ ഒഴുകിപ്പോകും. മഴയത്ത് പറമ്പിലെത്തുന്ന വെള്ളം പുറത്തേക്കൊഴുകിപ്പോകാതെ സംരക്ഷിക്കുക. മണ്ണിനടിയിലേയ്ക്കും കിണറ്റിലേയ്ക്കും മഴക്കാലത്ത് ആവുന്നിടത്തോളം ജലമെത്തിക്കുകയാണ് കിണറുകളും കുളങ്ങളും വറ്റാതിരിക്കാനുള്ള മുൻകരുതൽ.

മണ്ണാണ് ഏറ്റവും മികച്ച ജലസംഭരണി . മണ്ണിന് മഴവെള്ളം കൊടുത്താൽ വേനലിൽ മണ്ണ് കുടിവെള്ളം തിരികെത്തരും. കേരളത്തിൽ മഴവെള്ളത്തിൻെറ ഏഴുശതമാനം മാത്രമാണ് നാമിന്ന് പ്രയോജനപ്പെടുത്തുന്നത്.ബാക്കിയൊക്കെ അതിശീഘ്രംഒഴുകിഅറബികടലിലെത്തുന്നു. ജലോപയോഗത്തിൽ മലയാളികളോളം ധാരാളികളില്ല ജലം പരമാവധി ശുദ്ധീകരിച്ച് പുനരുപയോഗിക്കുന്ന രീതിയിലേയ്ക്ക് നമ്മുടെ മനസ്സ് മാറണം.

**അയന**

**VIII E**

# നാണിമുത്തശ്ശിയുടെ കുഞ്ഞിപൂച്ച

പണ്ട്പണ്ട് നാണി എന്ന് പേരായ ഒരു മുത്തശ്ശി ഉണ്ടായിരുന്നു. മുത്തശ്ശിക്കു വായിൽ പല്ലൊന്നും ഉണ്ടായിരുന്നില്ല. തലമുടി വെഞ്ചാമരം പോലെ നരച്ചിരുന്നു. മുത്തശ്ശിക്കു കൂട്ടിനായി ഒരു വേലക്കാരി മാത്രമേ ഉണ്ടായിരുന്നുള്ളു.

ഒരു ദിവസം മുത്തശ്ശി വേലക്കാരിയോട്പറഞ്ഞു.''പെണ്ണേ , എനിക്ക് കളിക്കാൻ ഒരു പൂച്ചക്കുട്ടിയെ വേണം നല്ല ഭംഗിയുള്ള വെളുത്ത ഒരു പൂച്ചക്കുട്ടി. ഒരെണ്ണത്തിനെ നീ കൊണ്ടുത്തരുമോ ?''

വേലക്കാരി പറഞ്ഞു:

"നോക്കാം".

മുത്തശ്ശിക്ക് കൊച്ചുകുട്ടികളെപ്പോലെ കളിക്കണം പോലും!

വേലക്കാരിക്ക് ചിരി വന്നു.

ശരിയാണ്, കൊച്ചുകുട്ടികളെപ്പോലെയാണ് മുത്തശ്ശി. വായിൽ പല്ലില്ല പിച്ചവെച്ച് പിച്ചവെച്ച് അവർ നടക്കുന്നതു

കാണാൻ ചന്തമുണ്ട്.പിറ്റേദിവസംതന്നെ വേലക്കാരി ഒരു പൂച്ചക്കുട്ടിയെ കൊണ്ടുവന്നു. നല്ല വെളുത്ത ഓമനത്തമുള്ള പൂച്ചക്കുട്ടി. അതിൻെറ വാലിൽ നല്ല രണ്ടു കറുത്ത പുള്ളികളുണ്ടായിരുന്നു. ഇടത്തെ ചെവിയിലും വലത്തെ ചെവിയിലും കറുത്ത ഓരോ പുള്ളിയുണ്ടായിരുന്നു. മുത്തശ്ശിക്കു സന്തോഷമായി. അവർ പൂച്ചക്കുട്ടിയെ മടിയിലെടുത്തുവെച്ചു. അതിനു കുടിക്കാൻ പാൽ കൊടുത്തു. നെയ്യ്കൂട്ടി ചോറുകൊടുത്തു. പൂച്ചക്കുട്ടിക്ക് കിടക്കാൻ കൊച്ചുകിടക്ക തയ്യാറാക്കി. പത്തുപതിനഞ്ചു ദിവസം കൊണ്ട് പൂച്ചക്കുട്ടി തടിച്ചു കൊഴുത്തു. കാലുകൾക്കു വലിപ്പം വെച്ചു , വാൽ ഒന്നുകൂടി നീണ്ടു.

“കുറിഞ്ഞീ....” എന്ന് മുത്തശ്ശി വിളിക്കും , പൂച്ചക്കുട്ടി അപ്പോൾ പറമ്പിലോ മറ്റോ ആയിരിക്കും മുത്തശ്ശിയുടെ വിളി കാതുകളിൽ എത്തേണ്ട താമസം അവൾ അവിടെ ഓടിയെത്തും. "മ്യാവൂ  മ്യാവൂ" അവൾ വൃദ്ധയുടെ ചുറ്റും ഓടി നടക്കും. മുത്തശ്ശി കുറിഞ്ഞി പൂച്ചയെ മടിയിലിരുത്തി കളിപ്പിക്കും.

വേലക്കാരി ഇതെല്ലാം കണ്ട് പൊട്ടിച്ചിരിക്കും.ഓരോ ദിവസം കഴിയുന്തോറും മുത്തശ്ശിക്ക് കുറിഞ്ഞിയോടുള്ള സ്നേഹം വർദ്ധിക്കുകയായിരുന്നു.  എന്നാൽ കുറിഞ്ഞിപൂച്ചയുടെ സ്ഥിതി നേരേമറിച്ചായിരുന്നു. അവളുടെ മനസ്സിൽ അഹംഭാവം കടന്നുകൂടി. മുത്തശ്ശിയെ അവൾ പതുക്കെ പതുക്കെ അവഗണിക്കാൻ തുടങ്ങി.

ഒരു ദിവസം മുറ്റത്തുള്ള ചെന്തെങ്ങിൽ അവൾ ഓടിക്കയറി ,തെങ്ങിന് ഒരുവിധം നല്ല ഉയരമുണ്ടായിരുന്നു. തെങ്ങിൻെറ നിറുകയിൽ കയറി ഇരുന്ന് അവൾ താഴേക്കു നോക്കി. ഓടികയറുമ്പോൾ പേടി തോന്നിയില്ല.

ഇപ്പോൾ താഴേക്കു നോക്കുമ്പോൾ പേടി തോന്നുന്നു. എങ്ങനെ താഴെ ഇറങ്ങും? ചാടിയാലോ?. കൈയ്യും, കാലും ഒടിഞ്ഞതുതന്നെ.

കുറിഞ്ഞിപൂച്ച തെങ്ങിൻെറ മുകളിൽ  ഇരുന്ന് ഉറക്കെനിലവിളിച്ചു "മ്യാവൂ, മ്യാവൂ "

എവിടെ നിന്നാണ് കുറിഞ്ഞിയുടെ നിലവിളി കേൾക്കുന്നത് ?

നാണിമുത്തശ്ശി മുറ്റത്തിറങ്ങി.വേലക്കാരിയെ വിളിച്ചു.കുറിഞ്ഞീടെ നിലവിളി കേൾക്കുന്നുണ്ട്. എവിടെ നിന്നാണെന്ന് മനസ്സിലായില്ല.

"മ്യാവൂ,മ്യാവൂ"തെങ്ങിൻെറ മണ്ടയിൽ നിന്നാണ്. വേലക്കാരിക്ക് കാര്യം മനസ്സിലായി.ഇനി എന്തു ചെയ്യും ഭഗവനേ? എൻെറ കുറിഞ്ഞിയെ താഴെയിറക്കാൻ ആർക്കു കഴിയും? നാണിമുത്തശ്ശിക്ക് സങ്കടമായി. വേലക്കാരി പരിഭ്രമിച്ച് നിന്നു. കാരണം തെങ്ങിൽ കയറാൻ അറിഞ്ഞുകൂടാ.അവസാനം നാണിമുത്തശ്ശി ഒരു സൂത്രം കണ്ടു പിടിച്ചു. അവർ വേലക്കാരിയോട് പറഞ്ഞു. "എൻെറ കിടക്ക ഇങ്ങോട്ടെടുത്തുക്കൊണ്ടുവാ". അവൾ കിടക്കയെടുത്തുകൊണ്ടു വന്നു.മുത്തശ്ശി കിടക്ക തെങ്ങിൻെറ ചുവട്ടിൽ നിവർത്തിയിട്ടു എന്നിട്ടു പറഞ്ഞു.എൻെറ കുറിഞ്ഞീ, നീ താഴോട്ട് ചാടിക്കോ നിനക്ക് ഒന്നും പറ്റില്ല!കുറിഞ്ഞി താഴേക്ക് ചാടി, നേരെ കിടക്കയിൽ വന്നു വീണു

അവൾക്കൊരപകടവും സംഭവിച്ചില്ല.

എന്തു കുറുമ്പു കാണിച്ചാലും മുത്തശ്ശി അതെല്ലാം പൊറുക്കുമെന്ന വിശ്വാസം കുറിഞ്ഞിയുടെ മനസ്സിൽ അങ്കുരിച്ചു.രണ്ടു ദിവസത്തേക്കു കാര്യമായി ഒന്നും സംഭവിച്ചില്ല.എങ്കിലും അവൾ അൽപസ്വല്പം അനുസരണക്കേടു കാണിച്ചു.മുത്തശ്ശി വിളിച്ചപ്പോൾ അങ്ങോട്ട് ചെല്ലാൻ മന:പൂർവ്വം താമസിച്ചു.ചാഞ്ചാടുണ്ണി' കളിച്ചപ്പോൾ അവൾ മുത്തശ്ശിയുടെ മടിയിൽ നിന്നും കുതറി ഓടി.മുത്തശ്ശിയെ ഒന്നു കളിപ്പിക്കണം എന്നതായിരുന്നു കുറിഞ്ഞിയുടെ ചിന്ത.അവൾ ഒരു ദിവസം സന്ധ്യയ്ക്ക് മുറ്റത്തെ തെങ്ങിൽ വിണ്ടു കയറി.മണ്ടയിൽ കയറിയിരുന്നു കരഞ്ഞു.

ഇത്ര കുറുമ്പ് ആർക്കായാലും പറ്റില്ല.മുത്തശ്ശി തീർച്ചയാക്കി.കുറിഞ്ഞിയുടെ കുറുമ്പ് ഇതോടെ നിർത്തണം.അവർ മുറ്റത്തിറങ്ങി.

"കിടക്ക കൊണ്ടുവാ"

വേലകാരി കിടക്ക തെങ്ങിൻ ചുവട്ടിൽ നിവർത്തിയിട്ടു.

കുറിഞ്ഞീ....... നാണിമുത്തശ്ശി വിളിച്ചു കുറിഞ്ഞി താഴേക്കു പെട്ടെന്ന് ചാടി. ആ തക്കം നോക്കി നാണിമുത്തശ്ശി കിടക്ക വലിച്ചു.

കുറിഞ്ഞി ചെന്നു വീണതു വെറും മണ്ണിലായിരുന്നു. കൈയും കാലും വേദനിച്ചു. അവൾ ഉറക്കെ കരഞ്ഞു.

"മ്യാവൂ,മ്യാവൂ"

മുത്തശ്ശി ചിരിച്ചു. വേലക്കാരി പൊട്ടിച്ചിരിച്ചു അതോടെ കുറിഞ്ഞി പൂച്ചയുടെ അഹംഭാവവും പമ്പകടന്നു

**അനന്യ സുരേഷ്**

IX E

# താരാട്ട്

കുഞ്ഞുമണിയെ കുഞ്ഞിക്കിടാവേ
എന്തിന് ഉള്ളം തുടിക്കുന്നുവോ
അമ്മയെ ഓർത്ത് കരയരുതേ ഈ
വിണ്ണിലെ താരകൾ കൂടെയുണ്ട്

പാലൊളിചേലുള്ള അമ്പിളിമാമന്റെ
പുഞ്ചിരികണ്ട് കൊതിച്ചോളൂ
പാലൊളിചേലുള്ള അമ്പിളിമാമന്റെ
പുഞ്ചിരികണ്ട് കൊതിച്ചോളൂ
നക്ഷത്രക്കൂട്ടന്മാർ കൺചിമ്മിയാടുമ്പോൾ
കൂടെ കളിച്ച്തിമിർക്കുമ്പോൾ

പാഞ്ഞുപറക്കുന്ന നക്ഷത്രമേ നീ
ആകാശവൃന്തങ്ങൾ താണ്ടിക്കൊള്ളൂ
പാഞ്ഞുപറക്കുന്ന നക്ഷത്രമേ നീ
ആകാശവൃന്തങ്ങൾ താണ്ടിക്കൊള്ളൂ
അത്ഭുതലോകങ്ങൾ തെന്നിക്കറങ്ങുന്ന
വിസ്മയ ലോകങ്ങൾ കണ്ടുകൊള്ളൂ

പുഞ്ചിരിയോടെ ഉറങ്ങൂ നീ
കണ്ണുകൾ പൂട്ടി ഉറങ്ങൂ നീ
കണ്ണുകൾ മെല്ലെതുറക്കുമ്പോൾ
അമ്മതൻ കൊഞ്ചൽ കേട്ടുകൊള്ളൂ
പുഞ്ചിരിയോടെ ഉറങ്ങൂ നീ
കണ്ണുകൾ പൂട്ടി ഉറങ്ങൂ നീ...........

സാന്ദ്രാ സന്തോഷ് **VIII D**

# സ്നേഹം

ഇനിയുമൊരു ജന്മമുണ്ടെങ്കിൽ ഞാൻ വീണ്ടെടുക്കും
ഇനിയൊരു ജീവിതമുണ്ടെങ്കിൽ അനുഭവിക്കും
അച്ഛമ്മയുടെ സ്നേഹം ഞാൻ വീണ്ടെടുക്കും
ഉള്ളകാലം സ്നേഹം തന്നൊരെൻ
നെഞ്ചിലെ വിങ്ങലായ് സ്നേഹമായ്
മാറിയേക്കാം

പുനർജന്മസാഫല്യമായൊരെൻ നെഞ്ചിലെ
ഇളം ചൂടായ് ഇനി മാറിയേക്കാം
ഇനിയും ഒരു നോക്കു കാണാൻ എൻ
മനം തുടിക്കും എന്നും ഇനി ദീർഘകാലം

ചിതയിൽ കിടന്നെരിയുന്നതോർക്കുമ്പോൾ
എൻ ഹൃദയം പൊട്ടിച്ചിതറുന്ന ഭീതിപോലെ
അറിയാതെ അറിയാതെ ഓർക്കുമ്പോൾ
എൻ കണ്ണനീർത്തുള്ളികൾ രക്തജ്വാലപോലെ

മൃദുലമായ നിൻ തലോടലെൻ
മനസ്സിലെക്കറകൾ നീക്കുമെന്നും
ഇനിയും ഒരു വട്ടം എന്നരികിൽ
എന്നിൽ മഞ്ഞുനീർ തുള്ളിയായ് വീഴുമോ?

**മീര മോഹൻ**

# മഞ്ഞുതുള്ളി

പോകല്ലെ! പോകല്ലെ! ഞങ്ങളെക്കൈവിട്ടു
മാനത്തേക്കെൻ മഞ്ഞുതുള്ളികളേ!
പുല്ലുകളെങ്ങുമേ നിങ്ങളാൽ മിന്നുന്ന
കൽമുടി ചൂടിന  റാണിമാരായ് ;

സൂനങ്ങൾ നിങ്ങളാലെത്തു നിർഭര-
മാനന്ദബാഷ്പവും പുഞ്ചിരിയും.
താണവർതൻ പേരിലിത്രമേലാർദ്രത
കാണവാനെങ്ങുണ്ട മന്നിൽ  വേറെ ?

രാവിൽ  വന്നിങ്ങനെ മേളിക്കും നിങ്ങൾ താൻ
ദൈവത്തിൻ കാരുണ്യകന്ദളങ്ങൾ;
അത്രമേൽ ശ്വേതങ്ങളെത്രമേൽ ശീതങ്ങ-
ളത്രമേൽപ്പൂതങ്ങൾ  നിങ്ങളെല്ലാം.

Adithya Thilakan
9 B

# ചതിയൻെറ വിരുന്ന്

ഒരിടത്ത് ഒരിടത്ത് രണ്ട് ആത്മാർത്ഥ സുഹൃത്തുക്കളായ ആട്ടുകൾ ഉണ്ടായിരുന്നു.കറുമ്പനാട്ടും വെളുമ്പനാട്ടും.അവർ അതിരാവിലെ കുന്നിൻ ചരിവിൽ മേയാൻ എത്തുകയും സന്ധ്യയാകുമ്പോൾ അവർ തിരികെ കൂട്ടിലേക്ക് പോവുകയും ചെയ്യുന്നതാണ് പതിവ്.ഒരു ദിവസം മേയുന്നതിനിടക്ക് ഒരു കരച്ചിൽ കേട്ട് വെളുമ്പനാട് ആ ദിക്കിലേക്ക് പോവാൻ തുടങ്ങിയപ്പോൾ എന്തെങ്കിലും അപകടം ഉണ്ടാകുമെന്ന് ഭയന്ന് കറുമ്പനാട് വെളുമ്പനാടിനെ ശകാരിച്ചു.പക്ഷേ അത് വകവെക്കാതെ വെളുമ്പനാട് ആ ദിക്കിലേക്ക് നടന്നു. കൂടെ മനസില്ലാമനസ്സോടെ കറുമ്പനാട്ടുംയ.അപ്പോചതിയൻെ റ വിരുന്ന്ഴാണ് വേടൻെറ കെണിയിൽപ്പെട്ട കുറുക്കനെ കാണുന്നത്.

കുറുക്കൻ അവരെ കണ്ടതും കുറുക്കൻ അവനെ രക്ഷിക്കണമെന്ന് അപേക്ഷിക്കുന്നു.അപ്പോഴാണ് അതുവഴി ഒരു മുത്തശ്ശി ആട് കടന്നുവന്നത്.മുത്തശ്ശി ആട് കാര്യം തിരക്കി, ആട്ടുകൾ കാര്യം പറഞ്ഞു.അപ്പോൾ മുത്തശ്ശി ആട് പറഞ്ഞു അവനെ രക്ഷിക്കരുത് അവൻ

**സൂത്രക്കാരനാണെന്ന്.അതിനെ തുടർന്ന് അവർ അവനെ രക്ഷിക്കാതെ കുട്ടിലേക്ക് തിരിച്ചുപോയി.പിറ്റെ ദിവസം**

**പതിവുപോലെ മേയാൻ വന്നപ്പോൾ കരച്ചിൽ കേട്ട് അവർ വിണ്ടും ചെന്നുനോക്കി സഹതാപം തോന്നി വെള്ളമ്പനാട്ടും കറുമ്പനാട്ടും കുടി അവനെ രക്ഷിച്ച കരക്കെത്തിയതും വിശന്നിരുന്ന കുറുക്കൻ അവരുടെ നേരെ കുതിച്ച അവരെ കൊന്നു.മൂത്തവർ പറയുന്നത് കേൾ ക്കാതിരുന്നതിനാലാണ് അവർക്ക് ആ ഗതി വന്നത്.**

**VIII E**

# FACETS OF FRIENDSHIP

# A WISH COME TRUE

**Why is it that when I'm with you**
**It never rains; the sky blue**
**And sun shines bright within my heart**
**warm memories when we're apart**
**I've always hoped and wished and prayed**
**that such pure joy would come my way**
**It seemed to be an empty dream**
**Until I saw your eyes of green**
**With one sweet kiss you captured me**
**And now i want to always be**
**Within your love, within your arms**
**Receives of your endless charms**
**For nothing feels as good as this**
**A state of constant perfect biles**
**So thank you for a dream come true**
**And know forever;**

I'LL LOVE YOU.....

ARCHANA SHIBU
IX E

# *FIRST SHOWERS*

AS I RETURNED FROM MY WORKPLACE
COOL DROPS KISSED MY PARCHED FACE
SOON THE FIRST SHOWERS CAUGHT ME,
UNAWARES AND SOAKED ME SOOTHING MY-
FRAYED NERVES THE WEARY LINES DID IT PROMPTLY ERASE
OF DAY LONG HEAT AND FATIGUE FROM MY VISAGE.
WET CLOTHES CLUNG TO MY BODY LIKE AN INFANT
TO ITS MOTHER BOSOM UNSTEADY MY GAIT
THE DUSTY TREES STOOD BATHED IN AN INSTANT DRESSED IN
WASHED GREEN LOOKED MAGNIFICENT THE SCENTED EARTH
RESPLENDENT IN DAMPENED GLORY SUCKED IN DUST GIVING
RESPITE TO THE TRAVELLERS WEARY TO THANK THE RAIN GOD
I LOOKED UP IN THE SKY MORE DROPS DRENCHED ME ON THE
SLY MARVELLING AT THIS WONDERFUL GIFT OF NATURE
I HURRIED HOME WADING THROUGH THE GURGLING WATER

**ADHITHYA RAJESH**

**9 B**

# നോവ്

ആരതാകരയുന്നു, എന്തിനായ് കരയുന്നു
എന്തിനുവേണ്ടി കരയുന്നു.
കരിമഷികോരിയൊഴിച്ചൊരുനിറമുള്ള
മലിനമാം പുഴയാണു കരയുന്നത്
മലയുടെ മകളായ്, മലനാടിൻ മധുവായ്
മാരിവിൽ ചേലോടെ ഒഴുകിയോള്
എങ്കിലും എപ്പൊഴോ എത്തിയ
മാനവർ തന്നുടെ ഇരയായി മാറിയോള്
ഇന്നവളൊഴുകുന്നു കരഞ്ഞുകൊണ്ട്
ഉള്ളിൻെറയുള്ളിൽ ശപിച്ചുകൊണ്ട്......
മർത്യനെ.....ഉള്ളിൻെറയുള്ളിൽ
ശപിച്ചുകൊണ്ട്.

അമൃത മനോജ്
VIII

# സ്നേഹത്തുവൽ

മാതാവിൻ കൈകളിലാണെൻെറ പാഠം
ഒളിമങ്ങാതോർക്കുന്നു ഞാനീ ദീപം
മിഴിനീരിലൊഴുകുന്ന സ്നേഹതാളം
കനവിൻെറയോർമ്മകൾ മാത്രമായി

രാവുകൾ തേടി നടന്നിട്ടുന്നു ഞാ -
നമ്മയെകാണാൻ കൊതിച്ചിട്ടുന്നു
കാതോട്ടുകാതോർത്തിരുന്നു ഞാനാ -
പൊൻമലർച്ചുണ്ടുതൻ മധുരിമയ്ക്കായ്

അറിയാത്തൊരാകാശങ്ങളിലെങ്ങോ
എന്നെന്നും നിലനിൽക്കുമോ സ്നേഹദീപം
എന്നമ്മതൻ സ്നേഹസമ്മാനമല്ലോ
എൻെറമിഴിനീരിലൊഴുകുന്ന സത്യം

ദേവപ്രിയ കെ എ
VIII A

# പുതിയ കാലം

പാടങ്ങൾ പൂത്തു ഒരു വർഷമായി
വിളവെടുപ്പങ്ങനെ അടുത്തുവന്നെത്തി
നെല്ലുകൾ തിന്നാൻ തത്തകൾ വന്നു
ഓടിക്കളിക്കാൻ കുട്ടികളും

എന്നിട്ടുമെന്തെ മനുഷ്യരും നാട്ടരും
ഇന്നത്തെ നാടുകൾ ഇത്രമാത്രം
ഇങ്ങനെ പോയാൽ നാടു നശിക്കും
എന്തുചെയ്യാൻ ഇത് പുതിയകാലം

ആദിത്യ.പി.എസ്
IX B

# മൗനം

നീ മുറിയിലടച്ചിരുന്നോളൂ
ആരോടും മിണ്ടാതെ നിൻെറ ഗെയിറ്റ്
അടച്ച് കുറ്റിയിട്ടോളൂ
പട്ടികൾ കൂട്ടമായി ഓരിയിടുന്ന
അർദ്ധരാത്രിയിൽ ഭയന്നെഴുന്നേറ്റ്
ജനാല വഴി പുറത്തേക്ക് സൂക്ഷിച്ച്
നോക്കിക്കോളൂ

ഉറക്കം നഷ്ട്പെട്ട് പുതപ്പിനടിയിൽ
മെസഞ്ചർ നോക്കിക്കോളൂ
ഉണർന്ന ഉടനെ കട്ടൻ ചായയും
പത്രവുമായി മൗനമായി ഇരുന്നോളൂ
ആധാറും പാൻകാർഡും കൊടുത്ത്

സിബിൽ സ് കോറും നോക്കിക്കോളൂ

ഒച്ചവക്കരുതെന്ന് ഭാര്യയോടും
കുട്ടികളോടും പറഞ്ഞോളൂ
അങ്ങനെ.... അങ്ങനെ
ജിവിച്ചുകൊണ്ടിരിക്കുമ്പോൾ.

ഒരാൾക്കൂട്ടം വന്ന് നിങ്ങളാരാണെന്ന്
ചോദിക്കും

അവർ നിന്നോട് തർക്കിക്കും
നിൻെറ വീടിനുള്ളിലുള്ളതെല്ലാമവർ
തച്ചുടക്കും
നിൻെറ മൗനത്തിന് നീ കൊടുക്കുന്ന വില
നിൻെറ നിലവിളികേട്ട് ആരും വരാതിരിക്കുന്ന
കാലം
നമ്മുടെ നിലവിളികേട്ട് ആരും
വരാതിരിക്കുന്ന നിശബ്ദ്തയുടെ കാലം.

Ashna.Am
9 E

# സൗഹൃദത്തിൻെറ വില

ബോധിസത്യൻ ശിഷ്യന്മാർക്ക് ഗുണപാഠകഥകളിലൂടെ ഉപദേശം നൽകുക പതിവായിരുന്നു.ഒരിക്കൽ അദ്ദേഹം സൗഹൃദത്തിൻെറ മഹത്വത്തെക്കുറിച്ച് പടിക്കാൻ ഒരു കഥ പറഞ്ഞു.ഒരു തടാകത്തീരത്ത് ഒരു പരുന്ത് താമസിച്ചിരുന്നു. അവന് സുഹൃത്തുക്കളാരും ഇല്ലായിരുന്നു.തനിച്ചായിരുന്ന ജീവിതം.ഒരിക്കൽ അവൻ ഒരു പെൺപൂരുന്തിനെ കണ്ടുമുട്ടി.നിനക്ക് സമ്മതമാണെങ്കിൽ നമുക്ക് കല്ല്യാണം കഴിക്കാമെന്ന് അവൻ അവളോട് പറഞ്ഞു.

എനിക്ക് സമ്മതമാണ്.പക്ഷേ,അതിനു
മുൻപ്  എനിക്കൊരുകാര്യം അറിയാനുണ്ട്  നിങ്ങൾക്ക്
എത്ര സുഹൃത്തുക്കൾ ഉണ്ട്?അവൾചോദിച്ചു ആ
ചോദ്യത്തിനു മുമ്പിൽ അവൻ സ്തംഭിച്ചു നിന്നു.എനിക്ക്
സുഹൃത്തക്കളായി ആരുമില്ല.വിഷമത്തോടെ അവൻ
പറഞ്ഞു.എങ്കിൽ നിങ്ങൾ ആദ്യം സുഹൃത്തുക്കളെ
ഉണ്ടാക്കികൊണ്ടുവാ.എന്നിട്ട് മതി കല്ല്യാണം.അവൾ
ഗൗരവത്തോടുകൂടി പറഞ്ഞു.

ആൺപരുന്ത് സുഹൃത്തുക്കളെ സംമ്പാദിക്കാൻ
ഇറങ്ങി പുറപ്പെട്ടു.അവൻ ആദ്യം കണ്ടുമുട്ടിയത് ഒരു
ആമയുടെ അടുത്തായിരുന്നു.അവൻ ആമയോട് ചോദിച്ചു
നിനക്ക് എൻെറ ചങ്ങാതിയാവാമോ?അതിനെന്താ ഞാൻ
നിൻെറ ചങ്ങാതിയാവാം.ആമ സമ്മതിച്ചു പിന്നിടനവൻ
കണ്ടുമുട്ടിയത് ഒരു മിൻകൊത്തിയെയാണ്.അവൻ മിൻ
കൊത്തിയോട് ചോദിച്ചു.സുഹൃത്തെ നിനക്ക് എൻെറ
ചങ്ങാതിയാവാമോ?തീർച്ചയായും നമുക്ക് സ്നേഹത്തോടെ
നല്ല കൂട്ടുകാരായി കഴിയാം.മിൻകൊത്തി സമ്മതിച്ചു

പരുന്തിന് സന്തോഷമായി.അവൻ കാട്ടിലൂടെ

പറന്നു.നടക്കുമ്പോൾ ഒരു സിംഹത്തെ കണ്ടു.

സിംഹത്തെയും ചങ്ങാതിയാക്കിയാൽ കൊള്ളാമെന്ന്

പരുന്തിന് തോന്നി.അവൻ സിംഹത്തിൻെറ അടുത്ത്

ചെന്നു.അങ്ങയെ കണ്ടപ്പോൾ എനിക്ക് വളരെ ഇഷ്ടപ്പെട്ടു.

അങ്ങേയ്ക്ക് എന്നെ സുഹൃത്തായി കാണാൻ കഴിയുമോ?

പരുന്ത് ചോദിച്ചു.

സിംഹത്തിനും പരുന്തിനും പരസ്പരം

ഇഷ്ടമായി.പറക്കാൻ അറിയാവുന്ന ഒരു കൂട്ടുക്കാരൻ

ഉണ്ടാവുന്നത് ഒരു നല്ല കാര്യം തന്നെയാണ്.ഇന്നു മുതൽ

നല്ല കൂട്ടുകാരായിരിക്കും നമ്മൾ.പരുന്ത് പെൺപരുന്തിൻെറ

അരുകിലേക്ക് ആനന്ദത്തോടെ പറന്നു ചെന്നു.എനിക്ക്

ഇപ്പോൾ മൂന്ന് സുഹൃത്തുക്കൾ ഉണ്ട്.ആൺപരുന

സമ്മതിച്ചു.താമസിക്കാതെ അവർ വിവാഹിതരായി.

തടാകത്തിന് അടുത്തുള്ള ഒരു മരത്തിൻെറ മുകളിലാണ്

ഇവർ കൂടുകൂട്ടിതാമസിച്ചത്.കുറച്ച് ദിവസങ്ങള്

കഴിഞ്ഞപ്പോൾ അവർക്ക്  കുഞ്ഞുങ്ങളുണ്ടായി.അങ്ങനെ

അവർ സന്തോഷത്തോട്കൂടി കഴിയുന്ന സമയത്താണ് മൂന്ന്

വേട്ടക്കാർ തടാകത്തിന് അരികിൽ വിശ്രമിക്കാൻ എത്തിയത്.

സന്ധ്യാസമയമായപ്പോൾ കൊതുകുകളുടെ ശല്യം ആരംഭിച്ചതോടെ അവയെ തുരത്താൻ വേട്ടക്കാർ കരിയിലകളും കൂട്ടിയിട്ട് തീകത്തിച്ചു.പുകയും വല്ലാതെ ചൂടും സഹിക്കാനാവാതെ കുഞ്ഞുങ്ങൾ ഉറക്കെ കരയാൻ തുടങ്ങി. കരച്ചിൽ ശബ്ദം കേട്ട് കുഞ്ഞുങ്ങൾ വേട്ടക്കാരുടെ കണ്ണിൽ പെട്ടു.അവർ ചാടി എഴുന്നേറ്റ് തീ നല്ല പോലെ കത്തിക്കുവാൻ തുടങ്ങി.പരുന്തുകൾ ഭയന്നു വിറച്ചു.നമ്മൾ അപകടത്തിലാണ് കൂട്ടുകാരോട് വേഗം സഹായത്തിന് എത്തുവാൻ പറയു പെൺപരുന്ത് ആവശ്യപ്പെട്ടു.അവൻ വേഗം പറന്നു ചെന്ന് മീൻകൊത്തിയോട് വിവരം പറഞ്ഞു.നീ പേടിക്കേണ്ട.ഞാൻ ആ വേട്ടക്കാരെ ഒരു പാഠം പഠിപ്പിക്കും.മീൻകൊത്തി മരത്തിലനടുത്തേക്ക് ചെന്നു.അപ്പോഴേക്ക് തീ ആളിപടർന്ന് കൂടിന് സമീപം എത്താറായായിരുന്നു.മീൻകൊത്തി വെള്ളത്തിൽ മുങ്ങിവന്ന് തൻെറ ശരീരത്തിലെ തൂവൽ കൊണ്ട് വെള്ളം തീയിൽ കുടയാൻ തുടങ്ങി കൊറച്ച് സമയം കഴിഞ്ഞ് തീ നാളങ്ങൾ താഴ്ന്നു.

വേട്ടക്കാർ വിണ്ടും തീ കൊളിത്തി കത്തിച്ചു.

മീൻകൊത്തി വിട്ടുകൊടുത്തില്ല.അവൻ വീണ്ടും വെള്ളം

കുടഞ്ഞു പക്ഷേ ഫലം ഒന്നും ഉണ്ടായില്ല.മീൻകൊത്തി

തളർന്നു പരുന്ത് വേഗം ചെന്ന് വിവരം ആമയെ

അറിയിച്ചു.ആമ മരത്തിനടുത്തേക്ക് ഇഴഞ്ഞു വന്നു.ദാ

വലിയൊരാമ.ആമയുടെ വലുപ്പം കണ്ട് വേട്ടക്കാർക്ക്

വീണ്ടും സന്തോഷമായി.അവർ ആമയുടെ കാലിൽ

കയറുകെട്ടി വലിക്കാൻ തുടങ്ങി,ആമ

ശക്തിശാലിയായിരുന്നു.

ആമ ഇഴഞ്ഞു തടാകത്തിൽ ഇറങ്ങി കൂടെ വേട്ടക്കാർ

വെള്ളത്തിൽ ചാടി.നീന്താൻ അറിയാതെ അവർ

വെള്ളത്തിൽ കിടന്ന് വെള്ളം

കുടിച്ചുകൊണ്ടിരുന്നു.അവരെ രക്ഷിക്കാൻ ആരും

ഉണ്ടായിരുന്നില്ല.പരുന്ത് കൂട്ടുകാരോട് നന്ദി

പറഞ്ഞു.ഇതിൻെറ തെളിവാണ് സൗഹൃദം.

വെലുപ്പത്തിലും ചെറപ്പത്തിലും കാര്യമില്ല?

Anagha Sanal

9B

# ഓർക്കുന്നു ഞാൻ പഴയകാലം

നെല്ലിൻ പാടങ്ങളിനിടയിലൂടെ
ഓടുന്ന കാലമൊന്നോർത്തു പോയി
എല്ലാവരും കൂടി പട്ടം പറത്തുന്ന
പഴയകാലം ഞാനൊന്നോർത്തു പോയി

കൊച്ചുവീടുകളും കൊച്ചുഗ്രാമങ്ങളും
നിറഞ്ഞതാണല്ലോ പഴയകാലം
ഇനിയൊരു പഴയകാലം കൂടി വന്നാൽ
എനിക്കുള്ള സന്തോഷം ഇരട്ടിയാകും

സഞ്ചിയും തോളിൽ തൂക്കിയിട്ടോടുന്നു
പള്ളിക്കൂടത്തിൻ പടികൾ വരെ
വീട്ടിലെത്തിക്കഴിയുമ്പോഴോടുന്നു
പാടത്തിലേക്കും പറമ്പിലേക്കും

പട്ടിണിയുള്ള കൊച്ചുവീടുകളും
വാഹനമില്ലാത്ത പാതകളും
ശാന്തതയുടെ പ്രകാശം വിടർത്തുവാൻ
കുട്ടികളും ചെറുപുഷ്പങ്ങളും

ഇനിയുള്ള കാലവും ഇങ്ങനെയല്ല
ഇനിയുള്ള പ്രകൃതിയും ഇങ്ങനെയല്ല

**ഇനിയുള്ള ജീവിതം ഇങ്ങനെയല്ല**

**ഇനിയുള്ള ലോകവും ഇങ്ങനെയല്ല**

**PARVATHY**
**VIII A**

# THANKS